**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851** **10-08-2023 - ൽ മറുപടിയ്ക്ക്**

**പാലക്കയം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള റോഡിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പാലക്കയം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള റോഡിന്റെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഏറനാട് മണ്ഡലത്തിലെ പാലക്കയം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള റോഡിന്റെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടില്ല. |
| (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത നവീകരണ പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; എത്ര തുകയുടെ പദ്ധതിയാണ് പ്രസ്തുത യോഗത്തിൽ ഉൾപ്പെടുത്തിയതെന്നും എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്നും പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | 2018 മുതൽ പ്രളയ പശ്ചാത്തലത്തിൽ ജീവനോപാധി പ്രവർത്തികൾക്കാണ് കോർപ്പസ് ഫണ്ട് പദ്ധതിയിൽ മുൻതൂക്കം നൽകിയിരുന്നത്. കൂടാതെ 2020-21 കാലയളവിൽ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നില്ല. തുടർന്ന് ലഭ്യമായ പ്രൊപ്പോസലുകൾ DSR 2018 പ്രകാരം പുതുക്കി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലേക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ